


ലേഖനം – തുടർച്ച

ഫാ. ഡോ.കെ.എം. ജോർജ്

കൊടിയേറ്റവും കൊടിയിറക്കവും

നവസംന്യാസത്തിന്റെ സർഗസംവേദനസാധ്യതകൾ



> കോവിഡ് ലോക്ഡൗൺ കാലത്ത് എല്ലാവരും അവരവരുടെ വീടുകളിൽത്തന്നെ കഴിയണമെന്ന് കൽപ്പിച്ച അധികാരികൾ വീടില്ലാത്ത കോടികളുടെ കാര്യം ഒന്നും പറഞ്ഞില്ല. പക്ഷേ, ഒരുവീടും സുരക്ഷിതമല്ലെന്നും, നമ്മുടെ പൊതുവീടായ ഈ ഭൂമി തന്നെ വൈറസിൽ നിന്ന് സുരക്ഷിതമല്ലെന്നും നാം മനസ്സിലാക്കിയത് ഒരു നവ ആധ്യാത്മികതയിലേക്കുള്ള വഴി തുറക്കാനിടയുണ്ട്.

കോവിഡാനന്തര ലോകത്തിൽ ഒരു നവീന സംന്യാസ പ്രസ്ഥാനത്തിന്റെ സാധ്യതയെക്കുറിച്ച് മുൻ ലേഖനത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. ഫ്രാൻസിസ് മാർപാപ്പയുടെയും ദലൈലാമയുടെയും പ്രവാസജീവിതശൈലിയും വ്യക്തിപരമായ നയങ്ങളും സൂചിപ്പിക്കുന്നതുപോലെ ഒരു വിരക്ത പ്രതിബദ്ധത കുറെ ആളുകളെ എങ്കിലും ആകർഷിക്കാനിടയുണ്ട്. ഔദ്യോഗികമായി ഒരു പ്രത്യേക ജനവിഭാഗത്തിന്റെ നേതൃസ്ഥാനം വഹിക്കവേ അതിൽ ആസകലം മുങ്ങാതെ അതിനോട്

നിസ്സംഗത പുലർത്തിക്കൊണ്ടുതന്നെ, അതുപയോഗിച്ച് മനുഷ്യരാശിയോടും മാനുഷികമൂല്യങ്ങളോടും സമർപ്പണബോധവും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിനെയാണ് 'വിരക്ത പ്രതിബദ്ധത' (detached commitment) എന്നു വിശേഷിപ്പിച്ചത്. ഇവിടെ പ്രസിഡന്റ് ട്രംപിനെപ്പോലെ വിരക്തിയോ വിശിഷ്യാ പ്രതിബദ്ധതയോ ഇല്ലാതെ സ്വാർത്ഥബദ്ധമായ രാഷ്ട്രീയ പ്ലവത്വം പ്രകടിപ്പിക്കുന്ന വ്യക്തികളെ പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല. അവരാണ് സമൂഹത്തിൽ നാം കാണുന്ന ബഹുഭൂരിപക്ഷം നേതൃരൂപങ്ങളും.

ഫ്രഞ്ചുസർക്കാരിൽ മന്ത്രിയും പണ്ഡിതനും എഴുത്തുകാരനുമായിരുന്ന അലൻ പെയ്ർഫിറ്റ് (Alain Peyerfitte) 1973-ൽ എഴുതിയ 'ചൈന ഉണരുമ്പോൾ ലോകം വിറയ്ക്കും' എന്ന പുസ്തകം വളരെ പ്രസിദ്ധമായതാണ്. ഫ്രഞ്ച് പ്രസിഡന്റായിരുന്ന ഷാർല്ദ്ഗോളിന്റെ ആരാധകനും അനുഗാമിയുമായിരുന്ന പെയ്ർഫിറ്റ് ഒരു ഔദ്യോഗിക ഡലിഗേഷന്റെ തലവനായി 1971-ൽ ചൈന സന്ദർശിച്ചു. ചെയർമാൻ മാവോ സേതുങ്ങിന്റെ സാംസ്കാരിക വിപ്ലവം കത്തിനിന്ന സമയമായിരുന്നു. ആ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ പെയ്ർഫിറ്റ് എഴുതിയ പുസ്തകം കുറെ വിവാദങ്ങളും സൃഷ്ടിച്ചു. ലക്ഷക്കണക്കിന് ചൈനാക്കാരുടെ രക്തം ചിന്തിയ മാവോയുടെ സാംസ്കാരിക വിപ്ലവത്തെ വേണ്ടത്ര വിമർശിച്ചില്ല എന്നതായിരുന്നു ആരോപണം. യൂറോപ്പിന്റെ സാംസ്കാരിക ചരിത്രം നന്നായി പഠിച്ചിരുന്ന ഗ്രന്ഥകാരൻ ചൈന മുഴുവൻ ഒരു സംന്യാസാശ്രമം പോലെയാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്നെഴുതി. സമൂഹത്തിൽ പദവികളുടെയും സ്ഥാനങ്ങളുടെയും വലിപ്പച്ചെറുപ്പം കൂടാതെ എല്ലാവരും ഒരേ വസ്ത്രം ധരിക്കയും ഒരേ ഭക്ഷണം കഴിക്കയും ചുമതലപ്പെടുത്തുന്ന ഏതു ജോലിയും അനുസരണയോടും സമർപ്പണത്തോടും കൂടി നിർവഹിക്കുകയും ചെയ്യുന്നത് നിരീക്ഷിച്ച ഫ്രഞ്ച് പണ്ഡിതന് സ്വാഭാവികമായും അത്തരമൊരു ജീവിതശൈലിക്ക് യൂറോപ്പിലെ മധ്യകാല സംന്യാസപ്രസ്ഥാനവുമായുള്ള സാമ്യം തോന്നിയതിൽ അത്ഭുതമില്ല. ലോകത്തെ ഞെട്ടിപ്പിക്കുന്ന വൻ ക്രൂരതകൾ ചൈനയിൽ അക്കാലത്ത് അരങ്ങേറിയെങ്കിലും അതിശക്തമായ ഒരു ജനതയായിത്തീരാൻ ആവശ്യമായ അച്ചടക്കവും ത്യാഗവും അദ്ധ്വാനവും അവർ കൈവരിക്കാൻ സാംസ്കാരിക വിപ്ലവത്തിന്റെ അടിച്ചേൽപ്പിക്കലുകൾ നിമിത്തമായിത്തീർന്നു എന്നാണ് പെയ്ർഫിറ്റ് സൂചിപ്പിച്ചത്. പുസ്തകത്തിന്റെ ശീർഷകമായി കൊടുത്തിരിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ നെപ്പോളിയൻ ബോണപ്പാർട്ട് നടത്തി എന്നു പറയപ്പെടുന്ന പ്രവചനഭാഗമാണ്. ചൈനയെ ഒരു സിംഹത്തോട് ഉപമിച്ച് നെപ്പോളിയൻ പറഞ്ഞുവത്രേ: 'ഇപ്പോൾ അത് ഉറങ്ങട്ടെ. അതുണരുമ്പോൾ, ലോകം ഞെട്ടിത്തെറിക്കും!" അതായത് തികച്ചും സംഘടിതവും സംഘടിത മതത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്തിയതുമായ ഒരു സംന്യാസശൈലിയുടെ അർത്ഥത്തിലല്ല. ചരിത്രപരമായ പരിണാമവികാസങ്ങളിൽ മതങ്ങൾക്കും അവയിൽ നിന്നുൽഭവിച്ച പല പ്രസ്ഥാനങ്ങൾക്കും കാര്യമായ പോറലുകൾ ഏറ്റിട്ടുണ്ടെന്നും അവയുടെ വിശ്വാസ്യതയ്ക്ക് കുറെയേറെ ഭംഗം വന്നിട്ടുണ്ടെന്നുമുള്ള കാര്യത്തിൽ സംശയമില്ല. ബൗദ്ധ, ക്രൈസ്തവ സംന്യാസ പ്രസ്ഥാനങ്ങൾ ഉദാഹരണം മാത്രമാണ്.

ലോകം മുഴുവനും ലോക്ഡൗൺ ഉണ്ടാവുകയും നമുക്ക് ഓടി രക്ഷപ്പെടാനും അഭയം തേടാനും ഈ ഭൂമിയിൽ ഒരിടവും ഇല്ലാതാവുകയും ചെയ്തപ്പോൾ എല്ലാ മനുഷ്യരും പ്രവാസികളായി. ഈ ലോകം തന്നെ അതായത് നാം സൃഷ്ടിച്ച നഗരങ്ങളും ആരാധനാലയങ്ങളും ഓഫീസുകളും വ്യവസായങ്ങളും വിനോദകേന്ദ്രങ്ങളും നമുക്ക് അന്യവും പരദേശികവുമായിമാറി.

എന്നാൽ സംന്യാസം അതിന്റെ ആദിരൂപങ്ങളിൽ ആവിഷ്ക്കരിക്കാൻ ശ്രമിച്ച ചില മൂല്യങ്ങളുണ്ട്. ആ മൂല്യങ്ങൾ ചിരസ്ഥായികളാണെന്നും ഇനിമേൽ കോവിദരീക്ഷത്തിൽ ജീവിക്കാൻ നിർബന്ധിതമായ നമ്മുടെ ലോകത്തിൽ അവ വളരെയേറെ പ്രസക്തങ്ങളാണെന്നുമുള്ള ബോധ്യത്തിൽ നിന്നാണ് നവസംന്യാസത്തെക്കുറിച്ച് ഇവിടെ പറയുന്നത്.

പാപ്പാ ഫ്രാൻസിസും പതിനാലാം ദലൈലാമയും പ്രവാസികളാണെന്ന് അവരുടെ ആത്മാവബോധത്തിൽനിന്നുതന്നെ തെളിയുന്നുണ്ട്. ഇക്കാര്യം നാം ആദ്യമേ സൂചിപ്പിച്ചു. രണ്ടുപേരും സത്രവാസികളാണെന്നും പറഞ്ഞു. തീർത്ഥാടകരാണ് രണ്ടുപേരും.

നവസംന്യാസത്തിൽ ഇതൊക്കെ പ്രധാനമാണ്. ലോകം മുഴുവനും ലോക്ഡൗൺ ഉണ്ടാവുകയും നമുക്ക് ഓടി രക്ഷപ്പെടാനും അഭയം തേടാനും ഈ ഭൂമിയിൽ ഒരിടവും ഇല്ലാതാവുകയും ചെയ്തപ്പോൾ എല്ലാ മനുഷ്യരും പ്രവാസികളായി. ഈ ലോകം തന്നെ അതായത് നാം സൃഷ്ടിച്ച നഗരങ്ങളും ആരാധനാലയങ്ങളും ഓഫീസുകളും വ്യവസായങ്ങളും വിനോദകേന്ദ്രങ്ങളും നമുക്ക് അന്യവും പരദേശികവുമായിമാറി. നാം വഴിയാത്രക്കാരാണെന്ന് ബോധ്യപ്പെട്ടു. ഇപ്പോൾ നാം വസിക്കുന്ന ഭവനങ്ങൾ സത്രങ്ങളാണെന്നും കുറേപ്പേർക്കെങ്കിലും മനസ്സിലായി. ഇത് കോവിഡിനു വളരെ മുൻപുതന്നെ ദലൈലാമയ്ക്കും പാപ്പാ ഫ്രാൻസിസിനും ബോധ്യപ്പെട്ട കാര്യങ്ങളായിരുന്നു. അതിനനുസരിച്ച് അവർ



ലേഖകൻ (വലത്തുനിന്ന് രണ്ടാമത്) മാർപ്പാപ്പയോടൊപ്പം

ജീവിതശൈലിയും പെരുമാറ്റരീതിയും രൂപപ്പെടുത്തുകയും ചെയ്തു.


മരണമെന്നോ നിദ്രയെന്നോ സമാധിയെന്നോ നിർവാണമെന്നോ എന്തു പേരു വിളിച്ചാലും ഭൗതികജീവിതത്തിന്റെ അന്ത്യത്തെക്കുറിച്ചുള്ള പ്രാഥമികവും തീക്ഷ്ണവുമായ ബോധം പുരാതന സംന്യാസസങ്കൽപ്പത്തിൽ വ്യക്തമായി കാണാം. ഭാവിയിലെ ഈ അന്ത്യബിന്ദുവിൽ നിന്നാണ് വർത്തമാനകാലത്തിലെ മുൻഗണനാക്രമവും ജീവിതശൈലിയും രൂപപ്പെടുത്തുന്നത്. ഗ്രീക്ക് ഭാഷയിൽ telos എന്ന വാക്കിന് ലക്ഷ്യം, ഉദ്ദേശ്യം, അന്ത്യം, വിദൂരസ്ഥം തുടങ്ങിയ അർത്ഥങ്ങളുണ്ട്. നമ്മുടെ ടെലിഫോണും ടെലികാസ്റ്റുമെല്ലാം ആ വാക്ക് ഉപയോഗിക്കുന്നുണ്ട്. ഇംഗ്ലീഷിൽ teleology എന്ന പദമുണ്ടല്ലോ. ഏതെങ്കിലുമൊരു പ്രതിഭാസത്തെ വിശദീകരിക്കുന്നതിന് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അടിസ്ഥാനമായി കരുതുന്ന രീതിയാണത്. ചരിത്രത്തിന്റെ അർത്ഥം നാം വിശദീകരിക്കാൻ ശ്രമിക്കുന്നത് അതിന്റെ അന്തിമലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ്. മതപരമായ ലക്ഷ്യമോ, മതേതരമായ ലക്ഷ്യമേ, ലക്ഷ്യമില്ലായ്മയോ നാം ചരിത്രത്തിന് നൽകുന്നതനുസരിച്ചാണ് നമ്മുടെ ചരിത്രബോധവും, അർത്ഥകൽപ്പനയും രൂപമെടുക്കുന്നത്. ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കും രാഷ്ട്രീയത്തിനും ധാർമ്മികതക്കുമെല്ലാം ഈ ഉദ്ദേശ്യലക്ഷ്യന്യായം ബാധകമാണ്.

സംന്യാസത്തിൽ പ്രാഥമികമായി വ്യക്തിയുടെ മരണം എന്ന അന്ത്യബിന്ദുവിനെ ആസ്പദമാക്കി തന്റെ ജീവിതവിളിയും ചര്യകളും ഇടപെടലുകളും ഓരോ സംന്യാസിയും ക്രമീകരിക്കുക എന്ന ആശയം പ്രബലമാണ്. എല്ലാ വ്യക്തികൾക്കും ഇതേ അന്ത്യബിന്ദുതന്നെയാണെങ്കിലും, മിക്കവാറും എല്ലാവരും തന്നെ അതിനെ മറച്ചുവയ്ക്കാനും ഓർക്കാതിരിക്കാനും ശ്രമിക്കുന്നു. ജീവനെ നിലനിർത്താനും പരിപോഷിപ്പിക്കാനും കൈമാറിക്കൊടുക്കാനുമുള്ള വ്യഗ്രതയിൽ മരണത്തെ ശത്രുവായിട്ടാണ് അവിടെ കാണുന്നത്. ഇത് സ്വാഭാവികമാണ്. ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സംന്യാസം എന്ന ചതുരാശ്രമങ്ങളും ധർമാർത്ഥകാമമോക്ഷങ്ങളായി പുരുഷാർത്ഥങ്ങളും ഇന്ത്യൻ പാരമ്പര്യത്തിൽ ക്രമീകരിക്കപ്പെട്ടത് മരണത്തെ മറന്നുകൊണ്ടല്ല. ഇവിടെ സംന്യാസി വ്യത്യസ്തനാണ്. മരണത്തെ ശത്രുവായല്ല, സ്നേഹിതനായിട്ട് കാണാനാണ് മിക്ക സംന്യാസിമാരും പരിശീലിപ്പിക്കപ്പെടുന്നത്.

ആധുനികശാസ്ത്രം മരണത്തെ പരിഗണിക്കുന്നത് അതിനെ ശത്രുവായിക്കണ്ട് തോൽപ്പിക്കാനാണ്. ഇപ്പോൾ ബയോടെക്നോളജിയിൽ ഇതോട് ബന്ധപ്പെട്ടു നടക്കുന്ന ഗവേഷണങ്ങൾ Human Enhancement എന്ന ലക്ഷ്യമാണ് സ്വീകരിച്ചിരിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിങ് തുടങ്ങിയവയുടെ സഹായത്തോടെ മനുഷ്യായുസ്സിനെ നീട്ടുക മാത്രമല്ല, ശാരീരികമായും മാനസികമായും ബൗദ്ധികമായും സൂപ്പർമാൻ പദവിയിലേക്ക് മനുഷ്യനെ ആനയിക്കുക എന്നതാണ് ലക്ഷ്യം. ഇപ്പോൾ മനുഷ്യന്റെ സവിശേഷമായ എല്ലാ കഴിവുകളെയും ജീവനെത്തന്നെയും മരണം തുടച്ചുകളയുന്നെങ്കിൽ ഇനി മരണത്തെ തുടച്ചുകളഞ്ഞ് മനുഷ്യനെ ചിരഞ്ജീവിയും അതിമാനുഷനുമാക്കാനാണ് ബയോ എഞ്ചിനീയറിംഗിൽ ജീൻ എഡിറ്റിംഗ് ഹ്യൂമൻ എൻഹാൻസ്മെന്റ് തുടങ്ങിയ പദ്ധതികൾ ഉന്നംവയ്ക്കുന്നത്.

എന്നാൽ എത്ര ആകസ്മികമായിട്ടാണ് കൊറോണ വൈറസ് വന്ന് എല്ലാ മനുഷ്യസംരംഭങ്ങളെയും സ്തംഭിപ്പിച്ചത്. നാം പടുത്തുയർത്തിയ മഹാനേട്ടങ്ങൾക്കു മുമ്പിൽ അദൃശ്യമായ വൈറസ് ഉയർത്തിയ ചോദ്യത്തിന് ഉത്തരം നൽകാൻ ആർക്കും ഒന്നിനും സാധ്യമല്ല. വാക്സിൻ കണ്ടുപിടിച്ച് വൈറസിനെ തോൽപ്പിക്കാമെന്ന് നമുക്കു പറയാം. പക്ഷേ അതിഭീകരന്മാരായ വൈറസുകൾ വേറെ വരാം എന്ന് വൈറോളജിസ്റ്റുകൾ മുന്നറിയിപ്പ് നൽകുന്നു. ചുരുക്കത്തിൽ ഭൗതികമായ ജീവന് ഒരവസാനമുണ്ട് എന്ന സത്യത്തെ നിഷേധിക്കുവാൻ ഇപ്പോൾ നമുക്കാവില്ല എന്നാണ് കൊറോണ നൽകുന്ന ഒരു പാഠം. അതുകൊണ്ട് ഇനിമേൽ ശാസ്ത്രീയഗവേഷണങ്ങളോ സാങ്കേതികവിജ്ഞാനമോ ആവശ്യമില്ല എന്നല്ല അതിന്റെ അർത്ഥം. രണ്ടുമൂന്നു നൂറ്റാണ്ടുകളായി നാം കൊടിയേറ്റിയ ആധുനിക നാഗരിക സംസ്കാരത്തിന്റെ വികാസപരിണാമങ്ങൾക്ക് ഒരു കൊടിയിറക്കമുണ്ടെന്ന് നാം ധരിക്കയും, ആ കൊടിയിറക്കമെന്ന അന്ത്യബിന്ദു മുൻപിൽ കണ്ട് ഒരുപുതിയ ലോകക്രമവും ജീവിതശൈലിയും ഉരുത്തിരിക്കണമെന്നും മാത്രമേ ഇപ്പറഞ്ഞതിന് അർത്ഥമുള്ളൂ. അനന്തമായ പുരോഗതി, വികസനം തുടങ്ങിയ ആശയങ്ങൾ ഗൗരവമായി പുനഃപരിശോധിക്കയും വേണം. അങ്ങനെ ചെയ്തില്ലെങ്കിൽ എന്താണ് കുഴപ്പം എന്നു ചോദിച്ചാൽ ഒരുത്തരമേയുള്ളൂ. പാരിസ്ഥിതികമായി നമ്മുടെ ഭൂമിയുടെ സഹനശേഷിയും സംവഹനശേഷിയും നെല്ലിപ്പലകയിൽ എത്താറായി. ഇനി അധികകാലം നമുക്ക് അതിജീവന സാഹചര്യം ഉണ്ടാവാനിടയില്ല. ഇവിടെയാണ് ഒരു സംന്യാസി മരണം എന്ന അന്തിമബിന്ദുവിൽ നിന്ന് പുറകോട്ട് നോക്കി അല്ലെങ്കിൽ, പ്രകൃതി ദൃശ്യം വരയ്ക്കുന്ന ഒരു ചിത്രകാരൻ ഏറ്റവും അകലെയുള്ള ബിന്ദുവിൽ നിന്ന് വരച്ചുതുടങ്ങുകയും ക്രമേണ അടുത്തടുത്തുള്ളത് വരച്ച് അവസാനം തൊട്ടടുത്തുള്ളത് (foreground) വരയ്ക്കുകയും ചെയ്യുന്നതുപോലെ ജീവിതചിത്രത്തിന്റെ രൂപരേഖകളും വിശദാംശങ്ങളും സൃഷ്ടിക്കുന്ന ഒരു മാതൃക നമ്മുടെ ലോകത്തിന് നൽകുന്നത്.

ക്രൈസ്തവ ദൈവശാസ്ത്രത്തിൽ യുഗാന്ത്യദർശനം (Eschatology) എന്ന പഠനവിഭാഗമുണ്ട്. ഗ്രീക്കിൽ eschaton എന്നാൽ അന്ത്യം, സ്ഥലകാലങ്ങളുടെ ഉപസംഹാരം എന്നൊക്കെ ഇവിടെ അർത്ഥമുണ്ട്. എന്നാൽ പലപ്പോഴും രേഖീയമായ ഒരു ചരിത്രത്തിന്റേയും കാലത്തിന്റെയും (linear time) സമാപനം എന്ന അർത്ഥത്തിലാണ് പ



ലേഖകനും ദലൈലാമയും

രണ്ടുമൂന്നു നൂറ്റാണ്ടുകളായി നാം കൊടിയേറ്റിയ ആധുനിക നാഗരിക സംസ്കാരത്തിന്റെ വികാസപരിണാമങ്ങൾക്ക് ഒരു കൊടിയിറക്കമുണ്ടെന്ന് നാം ധരിക്കയും, ആ കൊടിയിറക്കമെന്ന അന്ത്യബിന്ദു മുൻപിൽ കണ്ട് ഒരുപുതിയ ലോകക്രമവും ജീവിതശൈലിയും ഉരുത്തിരിക്കണമെന്നും മാത്രമേ ഇപ്പറഞ്ഞതിന് അർത്ഥമുള്ളൂ. അനന്തമായ പുരോഗതി, വികസനം തുടങ്ങിയ ആശയങ്ങൾ ഗൗരവമായി പുനഃപരിശോധിക്കയും വേണം.

ാശ്ചാത്യദൈവശാസ്ത്ര ചിന്തകർ പലരും ഇതെടുക്കുന്നത്. അങ്ങനെയാവുമ്പോൾ പുരോഗതി, ചരിത്രപരമായ വികസനം തുടങ്ങിയവയ്ക്ക് അനന്തമായ സാധ്യതകളുണ്ട്. അത്തരം വികസനത്തിന്റെ ആരവങ്ങൾക്കും ആഘോഷങ്ങൾക്കുമിടയിൽ, അന്ത്യം എന്ന ആശയം വിസ്മരിക്കപ്പെടുകയും ചരിത്രവും കാലവും അനന്തമായി നീളുകയും ചെയ്യും. അങ്ങനെയൊരവസ്ഥയിലാണ് നാം ഇപ്പോൾ.

എന്നാൽ പൗരസ്ത്യദർശനങ്ങളിൽ, ചാക്രികചരിത്രസങ്കൽപ്പമുണ്ട്. യുഗങ്ങൾ അവസാനിക്കയും മഹാപ്രളയത്തോടെ അവ ആവർത്തിച്ച് വരുകയും ചെയ്യുന്ന ഈ സങ്കൽപ്പനത്തിൽ ചരിത്രവും കാലവും കേവലം രേഖീയമല്ല. പ്രായോഗിക വ്യാവഹാരികമണ്ഡലത്തിൽ, ചരിത്രവും അതിന്റെ ഉത്തരവാദിത്വങ്ങളും വിസ്മരിക്കപ്പെടാനുമിടയുണ്ട്.

ഒരുപക്ഷേരേഖീയവും ചാക്രികവുമായ സങ്കൽപ്പനങ്ങളെ സമന്വയിപ്പിക്കുന്ന ഒരു കാല-ചരിത്ര കൽപ്പന നമുക്കാവശ്യമാണ്. ശാസ്ത്രവും ടെക്നോളജിയും ആയുസും ആരോഗ്യവും അതിരില്ലാതെ പുരോഗമിക്കയും വികസിക്കയും ചെയ്യുന്ന ധാരണയെ സർഗാത്മകമായി, അതായത് അവയുടെ നന്മകളെയും ചരിത്രപരമായ ഉത്തരവാദിത്വങ്ങളെയും തള്ളിപ്പറയാതെ തിരുത്താനുള്ള സങ്കൽപ്പന സംവിധാനങ്ങൾ എല്ലാ മതത്തിലുമുണ്ട്. പക്ഷേ ഇപ്പോൾ ലോകം മുഴുവനും കഴിഞ്ഞ 500 വർഷങ്ങളായി വിസ്മയനീയമായ പ്രാഭവത്തോടെ വികസിച്ചുവന്ന പാശ്ചാത്യ യൂറോപ്യൻ പാരഡൈമിന് ഉള്ളിലാണ്. വൈറസും അത് നല്കുന്ന മരണഭയവും അത് തത്ക്കാലം നിശ്ചലമാക്കിയ മനുഷ്യപുരോഗതിയും, എന്നാൽ അതിജീവനത്തിനുള്ള മനുഷ്യപ്രത്യാശയും എല്ലാം കണക്കിലെടുത്താൽ ഒരു പുതിയ ആധ്യാത്മിക സംരംഭത്തിന് വലിയ പ്രസക്തിയുണ്ട്.

പാപ്പാ ഫ്രാൻസിസിന്റെയും ദലൈലാമയുടെയും പ്രവാസീബോധത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ഇത് സംന്യാസത്തിന്റെ അന്തസ്സത്തയിലുള്ളതാണ്. തീർത്ഥാടനം നടത്തുകയും താത്ക്കാലിക പാർപ്പിടങ്ങളായ സത്രങ്ങളിൽ /കൂടാരങ്ങളിൽ പാർക്കുകയും ചെയ്യുന്നവർ പ്രവാസികളാണ്. എന്നാൽ ലോകത്തിൽ ലക്ഷോപലക്ഷം പാവങ്ങൾ അഭയാർത്ഥികളായി, പ്രവാസികളായി കൂടാരങ്ങളിൽ പാർക്കാൻ നിർബന്ധിതരാണ്. അവരുടെ നിർബന്ധിത പ്രവാസത്തോടും ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടാണ് ചിലരൊക്കെ ആ അനുഭവം സ്വമേധയാ പങ്കിട്ടെടുക്കുന്നത്. ഉടുതുണിക്ക് മറുതുണിയില്ലാത്ത തന്റെ നാട്ടുകാരോട് ചേർന്നുനില്ക്കാനും, അവർക്ക് സ്വന്തമായി തുണി നെയ്യാനും മാന്യമായി ഉടുക്കാനുമുള്ള സ്വാതന്ത്ര്യം നിഷേധിച്ച ബ്രിട്ടീഷ് സാമ്രാജ്യത്തോട് പ്രതിഷേധിക്കാനുമാണല്ലോ മഹാത്മാഗാന്ധി അല്പവസ്ത്രധാരിയായത്.

വ്യക്തിപരമായി ബുദ്ധനും ക്രിസ്തുവിനുമൊന്നും കയറിക്കിടക്കാൻ ഇടമില്ലാതിരുന്നതുകൊണ്ടല്ല, അവർ നാടോടികളായി മാവിൻതോപ്പുകളിലും വേണുവനങ്ങളിലും ഒലിവിൻ തോട്ടങ്ങളിലും ഒഴിഞ്ഞ കുന്നുകളിലും രാപാർത്തത്. തലചായ്ക്കാൻ ഇടമില്ലാത്ത ധാരാളം പാവങ്ങളായ മനുഷ്യപുത്രർ ഈ ലോകത്തിൽ ഉള്ളതുകൊണ്ടാണ് അവരെപ്പോലെ നിസ്വരും അഭയഹിതരുമാവാൻ അവർ തീരുമാനിച്ചത്. അതോടൊപ്പം നമ്മുടെ ഭൗതികമായ എല്ലാ അഭയങ്ങളുടെയും അസ്ഥിരതയും ക്ഷണികതയും അനാവരണംചെയ്ത് വെറും ലൗകികതയുടെ അതിരുകൾക്കപ്പുറത്തേക്ക് ജനങ്ങളെ നയിക്കാനുമാണ് അവർ ഭവനരഹിതരായത്. ഭൗതികമായി വീടില്ലാത്തവർക്ക് വീടു കൊടുക്കാനും വീടുള്ളവരെ അതിന്റെ ഭൗതികമായ സംരക്ഷണഭിത്തികൾക്ക് പുറത്തേക്ക് നയിക്കാനുമുള്ള ഒരു ധാർമികവ്യവസ്ഥയാണ് ഇതിൽ നിന്ന് ഉരുത്തിരിഞ്ഞത്. വീടുവിടൽ (homelessness) ഒരു പുരാതന സംന്യാസമൂല്യമാണ്. കോവിഡ് ലോക്ഡൗൺ കാലത്ത് എല്ലാവരും അവരവരുടെ വീടുകളിൽത്തന്നെ കഴിയണമെന്ന് കൽപ്പിച്ച അധികാരികൾ വീടില്ലാത്ത കോടികളുടെ കാര്യം ഒന്നും പറഞ്ഞില്ല. പക്ഷേ, ഒരുവീടും സുരക്ഷിതമല്ലെന്നും, നമ്മുടെ പൊതുവീടായ ഈ ഭൂമി തന്നെ വൈറസിൽ നിന്ന് സുരക്ഷിതമല്ലെന്നും നാം മനസ്സിലാക്കിയത് ഒരു നവ ആധ്യാത്മികതയിലേക്കുള്ള വഴി തുറക്കാനിടയുണ്ട്.

തീർത്ഥാടനം എന്ന ആശയവും അനുഭവവും എല്ലാ മതങ്ങളെയും തമ്മിൽ കൂട്ടിയിണക്കുന്ന പൊതുവേദിയാണ്. ഉള്ളടക്കത്തിൽ വ്യത്യാസമുണ്ടെങ്കിലും ഏതെങ്കിലുമൊരു തരത്തിൽ തീർത്ഥാടന സങ്കൽപ്പമില്ലാത്ത ഒരു മതവുമില്ല. എന്താണതിനർത്ഥം? നമ്മുടെ വീട് വിട്ട് നാം വിദൂരസ്ഥമായ ഒരു ഇടം അഭയസ്ഥാനമായി കണ്ട് സ്വയം വഴിപോക്കരായും പരദേശികളായും അഭയാർത്ഥികളായും പ്രയാണം ചെയ്യുകയാണ് തീർത്ഥാടനത്തിൽ. താൽക്കാലികമാണെങ്കിലും നാം വീടുപേക്ഷിക്കുകയാണ്. ഭൗതികമായ നമ്മുടെ അഭയമായ എല്ലാറ്റിനോടും വിടചൊല്ലി, ഭക്ഷണത്തിനും, വസ്ത്രത്തിനും പാർപ്പിടത്തിലും അതീവ ലളിതമായ രീതി സ്വീകരിച്ച്, അകലെയൊരു ഇടംതേടി പോവുന്നു. ഇതിന്റെ ആധ്യാത്മികമായ മാനം നമുക്കറിയാം. എന്നാൽ ടൂറിസ്റ്റ് പറുദീസകളിലേക്കും വിനോദകേന്ദ്രങ്ങളിലേക്കും ചൂതാട്ടം, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വിഹാരസ്ഥലികളിലേക്കും പ്രയാണം ചെയ്യുന്നവരും സ്വയം വീടുവിട്ട് പ്രയാണം ചെയ്യുകയാണ്. അവർ തേടുന്ന തീർത്ഥം അവരെ അതിരുകൾക്കപ്പുറത്തേക്ക് നയിക്കുന്നില്ല എന്നു മാത്രം. മിക്കവാറും അവർ വിടാൻ ആഗ്രഹിച്ച വീടുകളിലേക്ക് അവർ അതിരൂക്ഷമായി തിരിച്ചു എറിയപ്പെടുകയും ചെയ്യും. ഇതൊരു വിരുദ്ധ സംന്യാസമാണ്.

വിഭവശേഷികളെല്ലാം മിക്കവാറും നാം കവർന്നെടുത്ത നമ്മുടെ ഭൂമി ഇനി ലളിതസംന്യാസത്തിന്റെ ആർജവാസക്തിയില്ലാത്ത, ത്യാഗനിർഭരമായ ഭാരരഹിതമായ, ജാഗ്രത്തായ സമൂഹപ്രയാണത്തിന്റെ ഹരിതഭൂമികയാകണമോ, അതോ ദ്രവ്യലഹരിയുടെ ഉന്മാദവും വിനാശകരവുമായ മരുഭൂമി ആകണമോ എന്ന് നമുക്ക് നിശ്ചയിക്കാം.

മേൽപ്പറഞ്ഞതിനെല്ലാം അടിവരയിടുന്നതും നിയാമകമാകുന്നതും മനുഷ്യബോധമാണ്. പ്രകാശിതമായ ബോധം ലഭിച്ച മനുഷ്യൻ ലോകത്തിലുണ്ട്. അവരുടെ രണ്ടു പ്രതിനിധികളെയാണ് നാം എടുത്തുപറഞ്ഞത്. എല്ലാ തലങ്ങളിലും ബോധവത്ക്കരണം നടത്താൻ സർക്കാരുകളും സാമൂഹിക സംഘടനകളും ശ്രമിക്കുന്നുണ്ട്. ചില ചെറിയ ലക്ഷ്യങ്ങൾ നേടാൻ നല്ലതാണ്. എന്നാൽ ദീപ്തമായ ബോധമാണ് മനുഷ്യരാശികൾ ആവശ്യം. മനുഷ്യവർഗത്തിന്റെ മഹായുഗം എന്നു വിശേഷിപ്പിക്കാൻ നാം തയ്യാറായിക്കൊണ്ടിരുന്ന നമ്മുടെ ആധുനികയുഗം പെട്ടെന്ന് തമോമയമായത് ശാസ്ത്രീബോധത്തിന്റെ അഭാവംകൊണ്ടല്ല; ആ ബോധം ഭാവദീപ്തമായില്ല, ഭൗതികതയുടെ ഭിത്തികൾക്കപ്പുറത്തേക്ക് അത് പോയില്ല എന്നതുകൊണ്ടാവാം. അതുകൊണ്ട് ആദ്യം ഭൂഖണ്ഡങ്ങളും, പിന്നെ സമുദ്രത്തിന്റെ ആഴങ്ങളും ആകാശത്തിന്റെ അറുതികളും കീഴടക്കി തങ്ങളുടെ വരുതിക്ക് നിർത്താൻ ശ്രമിച്ച സ്ഥൂലമായ ദ്രവ്യബോധം ഇനിമേൽ സൂക്ഷ്മവും പാരസ്പര്യത്തിന്റെ കണ്ണികളെ വിവേചിച്ചറിയുന്നതും ജീവന്റെ ലോലമായ തന്തുക്കളെ പരിചരിക്കുന്നതുമായ ആർദ്രബോധമായി മാറണം. ഒരു സംന്യാസിയെപ്പോലെ പൂർവാശ്രമത്തെ വിടുകയും വിസ്മരിക്കയും, അതിരുകളെ ലംഘിക്കുന്ന പ്രകാശിതമായ നവബോധത്തിന്റെ സുക്ഷ്മാശ്രമത്തിലേക്ക് പ്രവേശിക്കയും ചെയ്യാൻ കുറെ മനുഷ്യർക്കെങ്കിലും കഴിഞ്ഞാൽ നമുക്കു കുറെക്കൂടി പ്രത്യാശയോടെ മനുഷ്യഭാവിയെക്കുറിച്ച് പറയാനാകും.

(കുറിപ്പ്: വ്യക്തിപരമായ ചില അനുഭവങ്ങൾ ഈ ലേഖനത്തിന് ആധാരമാണ്. ഫ്രാൻസിസ് മാർപാപ്പയെ മൂന്നവസരങ്ങളിൽ നേരിട്ടുകാണാനും ഒരു പ്രാവശ്യം അദ്ദേഹം താമസിക്കുന്ന സെന്റ് മാർത്താസ് ഭവനത്തിൽ രണ്ടു രാത്രികൾ താമസിക്കാനും, ഒരുനേരം അദ്ദേഹത്തോടൊപ്പം ഒരേ മേശയിൽ ഉച്ചഭക്ഷണം കഴിക്കാനും അടുത്തിരുന്ന് ധാരാളം സംസാരിക്കാനും ഭാഗ്യം ലഭിച്ചു. Laudate Si എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ പുസ്തകം നേരിട്ട് മാർപാപ്പയിൽനിന്ന് സ്വീകരിക്കാനും കഴിഞ്ഞു. ദലൈലാമയെ 1986 മുതൽ പലവട്ടം ഡൽഹിയിൽ വച്ച് കാണാനും അദ്ദേഹത്തോടൊപ്പം ചില ചർച്ചകളിൽ പങ്കെടുക്കാനും ഭക്ഷണം കഴിക്കാനും അടുത്തകാലത്ത് ഹിമാചൽപ്രദേശിലെ അദ്ദേഹത്തിന്റെ ആസ്ഥാനമായ ധർമശാലയിൽ വച്ച് വീണ്ടും നേരിട്ട് കണ്ട് സംസാരിക്കുന്നതിനും അവസരം ലഭിച്ചു. ഈ രണ്ടു മഹാപുരുഷന്മാരും എളിയവനായ എന്നിൽ ഉണർത്തിയ ചിന്തകളാണ് ഇവിടെ കുറിച്ചത്)